പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3275          14.10.2011 ൽ മറുപടിയ്ക്ക്

വൈദ്യുത ലൈനുകളിൽ അറ്റകുറ്റപ്പണികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.എസ്. സുനിൽ കുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുത ലൈനുകളിൽ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കമോ ; | (എ) | ഉണ്ട്. വിശദാംശങ്ങൾ സുരക്ഷാ മാന്വലിന്റെ ഉള്ളടക്കം (4)ൽ വ്യക്തമാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത വ്യവസ്ഥകൾ കൃത്യമായി പാലിക്കാറില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) വ്യവസ്ഥകൾ കൃത്യമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (സി) | വൈദ്യുത ലൈനുകളിൽ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ 24.06.2008,06.09.2011 എന്നീ തീയതികളിലെ ബോർഡ് സർക്കുലറുകൾ, ബോർഡ് പുറപ്പെടുവിച്ചിട്ടുള്ള സുരക്ഷാ മാന്വൽ എന്നിവയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇവ പാലിക്കാതെ ജോലിയിൽ ഏർപ്പെടുന്നവരും ശരിയായ മേൽനോട്ടം വഹിക്കാത്തവരുമായ ജീവനക്കാർക്കെതിരെ ബന്ധപ്പെട്ട മേലാധികാരികൾ കർശന നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എല്ലാ മേഖലയിലുമുള്ള സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരെ പ്രസ്തുത വ്യവസ്ഥകൾ കൃത്യമായി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, സേഫ്റ്റി കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ഓഫീസും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## 4.0 വൈദ്യുത ജോലികൾ ചെയ്യേണ്ട ക്രമവും സുരക്ഷാ ഉപായങ്ങളും

4.1 എല്ലാ വൈദ്യുത ജോലികളും ക്രമമായും ചിട്ടയായും മാത്രമേ ചെയ്യാനും മേൽനോട്ടം വഹിക്കാനും പാടുള്ളൂ. അപ്രകാരം ചെയ്യുന്നത് അപകട സാധ്യത പരമാവധി ഒഴിവാക്കുന്നതിനു സഹായിക്കും.

### 4.2 ജോലികൾ ആരംഭിക്കുന്നതിനു മുമ്പ് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**4.2.1. അനുവാദം വാങ്ങൽ (പെർമിറ്റ് റ്റു വർക്ക് )**

ഉപയോഗത്തിലിരിക്കുന്ന വൈദ്യുത ലൈനുകളിലോ ഉപകരണങ്ങളിലോ ഏതെങ്കിലും ജോലി ചെയ്യേണ്ടി വന്നാൽ ആ ജോലിക്ക് മേൽനോട്ടം വഹിക്കുന്നയാൾ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് രേഖാമൂലം അനുവാദം (പെർമിറ്റ് റ്റു വർക്ക്) വാങ്ങണം. (വകുപ്പ് 5 ശ്രദ്ധിക്കുക).

**4.2.2. വൈദ്യുതി വിച്ഛേദിക്കൽ (ഡിസ്കണക്ഷൻ ആന്റ് ഐസൊലേഷൻ)**

അനുവാദം ലഭിച്ചു കഴിഞ്ഞാൽ ജോലി ചെയ്യാനുദ്ദേശിക്കുന്ന ഭാഗത്തേക്ക് വൈദ്യുതി വരാൻ സാധ്യതയുള്ള എല്ലാ ബന്ധങ്ങളും സ്വിച്ചുകൾ, ഫ്യൂസുകൾ, കട്ടൗട്ടുകൾ തുടങ്ങിയവ ഉപയോഗിച്ച് വിച്ഛേദിക്കണം. വൈദ്യുതി പ്രവാഹം നിലച്ചു കഴിഞ്ഞാൽ ജോലി ചെയ്യേണ്ട ഭാഗം ഐസൊലേറ്ററുകൾ, ഡിസ്കണക്ടറുകൾ അല്ലെങ്കിൽ വ്യക്തമായ മറ്റു മാർഗ്ഗങ്ങൾ ഉപയോഗിച്ച് വൈദ്യുതി കടന്നുപോകുന്ന മറ്റ് ഭാഗങ്ങളിൽ നിന്ന് ആകസ്മികമായി പോലും വൈദ്യുതി പ്രവാഹം ഉണ്ടാകാത്ത വിധം ഒറ്റപ്പെടുത്തണം. വൈദ്യുതിപരമായി ഒരു സർക്യൂട്ട് ഭാഗം ഒറ്റപ്പെടുത്തുന്നതിന് എയർ ബ്രേക്ക് സ്വിച്ചുകൾ / ഐസൊലേറ്ററുകൾ / ലിങ്ക് എന്നിവ ഉപയോഗിച്ച് വായുമധ്യത്തിൽ വേർപ്പെടുത്തണം. സബ്സ്റ്റേഷനുകളിൽ ബ്രേക്കർ റേക്ക്-ഔട്ട് ചെയ്തിരിക്കണം. എല്ലാ വിച്ഛേദക ഉപകരണങ്ങളുടെ എല്ലാ ഫേസും ടെർമിനലുകളും ബൽറ്റും ആവശ്യത്തിന് ദൂരം അകന്ന് മാറിയിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തണം.

**4.2.3. മുന്നറിയിപ്പ് നൽകലും പൂട്ടിയിടലും : (ഇഷ്യൂ ഓഫ് നോട്ടീസ് & ലോക്കിംഗ്)**

ജോലി ചെയ്യേണ്ട ഭാഗം മേൽപ്പറഞ്ഞ രീതിയിൽ ഒറ്റപ്പെടുത്തി കഴിഞ്ഞാൽ സ്വിച്ച്. ഫ്യൂസ്, ലിങ്ക്, ഐസൊലേറ്റർ, ബ്രേക്കറുകൾ എന്നിവയിൽ പൂട്ടാവുന്നത്. പൂട്ടിവയ്ക്കുകയും അപായം-ജീവനക്കാർ ജോലി ചെയ്യുന്നു- പ്രവർത്തിപ്പിക്കരുത് എന്ന മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യണം. ആവശ്യമെന്നു കണ്ടാൽ, പ്രത്യേകിച്ച് ജോലിസ്ഥലത്തിനടുത്ത് വൈദ്യുത പ്രവാഹമുള്ള ലൈനുകളോ ചലിക്കുന്ന യന്ത്രങ്ങളോ ഉണ്ടെങ്കിൽ, സ്ക്രീനുകളോ, കയറോ ഉപയോഗിച്ച് സുരക്ഷിതമേഖല വേർതിരിക്കണം. പ്രസ്തുത മേഖലയ്ക്കപ്പുറം

അപകടമേഖലയാണെന്ന് സൂചിപ്പിക്കുന്ന ബോർഡുകൾ, മറ്റു ജോലിക്കാർക്കും പൊതുജനങ്ങൾക്കും മുന്നറിയിപ്പ് നൽകുന്നതിനായി സ്ഥാപിക്കണം.

**4.2.4. അപായസാദ്ധ്യതകൾ മനസ്സിലാക്കുകയും സുരക്ഷാ ഉപകരണങ്ങളുടെ പര്യാപ്തത പരിശോധിക്കുകയും. (Identifying possible hazards and verifying safety equipments)**

ഏതുജോലിചെയ്യുന്നതിനു മുൻപും മേൽനോട്ടംവഹിക്കുന്ന ഉദ്യോഗസ്ഥൻ ജോലി ചെയ്യുവാൻ പോകുന്ന ഉപകരണങ്ങളിലുണ്ടാകാൻ സാധ്യതയുള്ള അപകടങ്ങൾ എന്തൊക്കെയാണെന്നും അതിനുവേണ്ട സുരക്ഷാമുൻകരുതലുകളെന്തൊക്കെയാണെന്നും പരിശോധിച്ചു മനസ്സിലാക്കേണ്ടതും ലഭ്യമായ ഉപകരണങ്ങൾ പൂർണ്ണസുരക്ഷയ്ക്ക് പര്യാപ്തമാണ് എന്ന് ഉറപ്പുവരുത്തേണ്ടതും ഈ വിവരങ്ങൾ ജോലിക്കാരെ പറഞ്ഞുമനസിലാക്കേണ്ടതുമാണ്. ജോലിചെയ്യുന്നവർ ഈ വിവരങ്ങൾ പൂർണ്ണമായും മനസിലാക്കി എന്നുറപ്പുവരുത്തുവാൻ ഇവ ഒരു കാർഡിലോ പുസ്തകത്തിലോ രേഖപ്പെടുത്തി (Job Card) വെക്കേണ്ടതും പരിശോധനകൾക്ക് ലഭ്യമാക്കേണ്ടതുമാണ്.

**4.2.5. മുക്തമായതും ആവശ്യത്തിന് വോൾട്ടതശേഷിയുള്ളതുമായ ഒരു വോൾട്ടേജ് ടെസ്റ്ററുപയോഗിച്ച് പരിശോധിച്ച് ലൈനിൽ / ഉപകരണത്തിൽ വൈദ്യുതി ഇല്ലെന്നുറപ്പുവരുത്തണം.**

**4.2.6. നിർവ്വീര്യമാക്കൽ (ഡിസ്ചാർജ്ജിംഗ്)**

വൈദ്യുതി വിച്ഛേദിച്ചു കഴിഞ്ഞാലും കേബിളുകളിലും ലൈനുകളിലും ഉപകരണങ്ങളിലും ശേഷിക്കാനിടയുള്ള വൈദ്യുത ചാർജ്ജ്, എർത്ത് റോഡ് മുതലായ ഉപകരണങ്ങൾ ഉപയോഗിച്ച് ഭൂമിയിലേക്ക് അയച്ച് നിർവ്വീര്യമാക്കണം.

**4.2.7. ഷോർട്ടിംഗും താത്കാലിക എർത്തിംഗും**

വൈദ്യുത ഉപകരണങ്ങൾ മേൽപ്പറഞ്ഞ പ്രകാരം നിർവ്വീര്യമാക്കിയതിനുശേഷം ജോലിസ്ഥലത്തേക്ക് വൈദ്യുതി പ്രവഹിക്കാൻ സാധ്യതയുള്ള എല്ലാ ലൈനുകളുടെയും കേബിളുകളുടെയും മൂന്ന് ഫേസുകളും എർത്ത് / ന്യൂട്രൽ സ്ട്രീറ്റ് മെയിനുകളും പരസ്പരം ബന്ധിപ്പിച്ച് ഷോർട്ട് ചെയ്യുകയും താത്കാലിക എർത്തിംഗ് നൽകി സൂക്ഷിക്കുകയും ചെയ്യണം. അതിനുശേഷം വ്യക്തമായ പരിശോധനകൾ നടത്തി ഉപകരണങ്ങളിൽ / ലൈനുകളിൽ ജോലി ആരംഭിക്കാവുന്നതാണ്.

**4.3 യാതൊരുകാരണവശാലും താഴെപ്പറയുന്ന അവസ്ഥയിൽ ജീവനക്കാർ ഒരു ലൈനിന് / ഉപകരണത്തിന് സമീപം പോകാനോ, ജോലി ആരംഭിക്കുവാനോ പാടില്ല.**

4.31. ജോലി ചെയ്യുവാനുള്ള അനുവാദം ലഭിച്ചിട്ടില്ലെങ്കിൽ

4.3.2. ലൈനിൽ / ഉപകരണങ്ങളിൽ വൈദ്യുതി പ്രവാഹം വിച്ഛേദിച്ച് ഒറ്റപ്പെടുത്തിയിട്ടില്ലെങ്കിൽ.

4.3.3. ജോലി ചെയ്യുന്ന ഭാഗത്ത് എല്ലാവശങ്ങളിലും വൈദ്യുതവാഹികൾ ഷോർട്ട് ചെയ്ത് താൽക്കാലിക എർത്തിംഗ് നൽകിയിട്ടില്ലെങ്കിൽ.

4.3.4. ശക്തമായ മിന്നലും ഇടിയും നിലനിൽക്കുമ്പോൾ.

4.3.5. ഒരു മേലുദ്യോഗസ്ഥന്റെ (അധികാരപ്പെടുത്തിയ ആളിന്റെ) മേൽനോട്ടമില്ലെങ്കിൽ.

4.4 വൈദ്യുത ജോലികൾ തുടങ്ങുന്നതിനു മുമ്പ് എന്ത് ജോലിയാണ് ചെയ്യേണ്ടതെന്നും ആവശ്യമെങ്കിൽ സുരക്ഷിതമായി എപ്രകാരമാണ് ആ ജോലി നിർവ്വഹിക്കേണ്ടതെന്നും ജോലിയുടെ മേൽനോട്ടം വഹിക്കുന്ന ആൾ വിശദീകരിച്ചിരിക്കണം. ജീവനക്കാരോട് അവർ ജോലി ചെയ്യുന്ന ഭാഗത്തിനടുത്തുള്ള മറ്റ് ലൈനുകളെപ്പറ്റിയും ഉപകരണങ്ങളെപ്പറ്റിയും അവയിൽ നിന്നുള്ള അപകടസാദ്ധ്യതയെപ്പറ്റിയും മേൽനോട്ടക്കാരൻ മുന്നറിയിപ്പ് നൽകണം. അവയുടെ സ്ഥാനം അക്ഷരം / നമ്പർ / നിറം/ പേര് എന്നിവ കൊണ്ട് പ്രത്യേകം വേർതിരിച്ച് കാണിക്കണം.

4.5 ഉന്നതവോൾട്ടേജിലുള്ള പവർലൈനുകൾക്ക് അടുത്തോ സബ്സ്റ്റേഷനടുത്തോ ടെലിഫോൺ ലൈനുകളുടെ സമീപമോ, മിന്നൽവാഹി (ലൈറ്റനിംഗ് അറസ്റ്റർ) കളുടെ സമീപമോ ജോലി ചെയ്യുമ്പോൾ ചില സന്ദർഭങ്ങളിൽ (ഇടി, മിന്നൽ, മഴ ഉള്ളപ്പോൾ) പ്രസ്തുത ഉപകരണങ്ങൾ അതിവോൾട്ടത ആർജിക്കുവാൻ സാധ്യതയുള്ളതിനാൽ യുക്തമായ രക്ഷോപായം എടുത്തിരിക്കണം.

കുറിപ്പ് :- ട്രാൻസ്ഫോർമർ, ഔട്ട്ഡോർ ബ്രേക്കർ, സ്ട്രക്ച്ചറുകൾ എന്നിവയിൽ പണിയെടുക്കുമ്പോൾ അതിൽ കയറുവാനായി ഏണി ഉപയോഗിക്കണം. അബദ്ധവശാൽ മറ്റുപകരണങ്ങളിൽ കയറി അപകടം ഉണ്ടാകാതിരിക്കാൻ ഈ രീതി ഉപകരിക്കും.

**4.7 ജോലിചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

4.7.1. ജീവനക്കാർ ഓരോ ജോലിക്കും നിർദ്ദേശിച്ചിട്ടുള്ളതും യോജിച്ചതുമായ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

4.7.2. ജോലിസ്ഥലത്തും അതിനുചുറ്റുമുള്ള വഴികളിലും ആവശ്യത്തിന് പ്രകാശം ഉണ്ടായിരിക്കണം. അവിടെ മാർഗ്ഗതടസ്സങ്ങൾ പാടില്ല.

4.7.3. ജീവനക്കാർ ഉയരങ്ങളിൽ ജോലി ചെയ്യേണ്ട സന്ദർഭങ്ങളിൽ, ഏണികൾ, പോസ്റ്റുകൾ, വൃക്ഷ ശിഖരങ്ങൾ, തട്ട്, എടുപ്പ്, മതിൽ തുടങ്ങിയവയ്ക്ക് വേണ്ടത്ര ബലമുണ്ടെന്ന് ഉറപ്പുവരുത്താതെ അവയിൽ കയറാൻ പാടില്ല. താഴെ വീഴുകയോ തെന്നി വീഴുകയോ, വൈദ്യുതി പ്രവാഹമുള്ള സ്ഥലത്തേക്ക് മറിഞ്ഞുവീഴുകയോ ചെയ്യാതിരിക്കാൻ സേഫ്റ്റി ബൽറ്റുകളും ആവശ്യമെങ്കിൽ ഗാർഡ് റോപ്പുകളും ഉപയോഗിച്ചിരിക്കണം.

4.7.4. ഓരോ ഉപകരണങ്ങൾക്കും അതിന്റെ നിർമ്മാതാക്കൾ നിർദ്ദേശിച്ചിട്ടുള്ള സകല സുരക്ഷാ ക്രമീകരണങ്ങളും ജോലിക്രമവും പാലിച്ചിരിക്കണം.

4.7.5. ഏത് ജോലി ചെയ്യുന്നതിന് തയ്യാറെടുക്കുമ്പോഴും പൂർണ്ണമായും അറിയാവുന്ന കാര്യങ്ങൾ മാത്രം ചെയ്യുകയും അറിയാത്തവയുടെ വിശദാംശങ്ങൾ മേൽനോട്ട ക്കാരനോടോ മറ്റുമേലുദ്യോഗസ്ഥരോടോ ചോദിച്ചു മനസ്സിലാക്കിയതിനുശേഷം മാത്രമേ ചെയ്യുവാൻ പാടുള്ളൂ. (Ask if you don't know)

4.7.6. യാതൊരു കാരണവശാലും സുരക്ഷ സംബന്ധിച്ച കാര്യങ്ങളെപ്പറ്റിയുള്ള സംശയങ്ങൾക്ക് ശരിയായ ഉത്തരമറിയാത്ത മേലുദ്യോഗസ്ഥനടക്കമുള്ള ആരും തന്നെ മറുപടി പറയുവാൻ പാടില്ല. (Do not answer if you don't know)

4.7.7. വൈദ്യുതി എത്രകുറഞ്ഞ വോൾട്ടതയിലും അപകടകാരിയായി കണക്കാക്കണം. വൈദ്യുതി പ്രവാഹമുണ്ടോ എന്നറിയുന്നതിനായി ശരീരഭാഗങ്ങൾകൊണ്ട് സ്പർശിക്കാൻ പാടില്ല. ടെസ്റ്റ് ലാമ്പ്, വോൾട്ടു മീറ്റർ, ടെസ്റ്റർ തുടങ്ങിയ ഉപകരണങ്ങൾ മാത്രമേ ഇക്കാര്യത്തിൽ ഉപയോഗിക്കാൻ പാടുള്ളൂ.

കുറിപ്പ് :1. പരിശോധനയ്ക്കായി ടെസ്റ്റ് ലാമ്പുകൾ ഉപയോഗിക്കുമ്പോൾ ലാമ്പുകൾ കത്തുന്നുവെങ്കിൽ അതിൽ വൈദ്യുതി പ്രവാഹം ഉള്ളതായി കണക്കാക്കാം. എന്നാൽ ലാമ്പുകൾ പ്രകാശിക്കുന്നില്ലെങ്കിൽ വൈദ്യുതിയില്ലെന്നു കരുതുവാൻ പാടില്ല. ലാമ്പ് കത്തുവാൻ വേണ്ട വോൾട്ടേജില്ലാത്തതുകൊണ്ടോ അല്ലെങ്കിൽ ലാമ്പിന്റെ ബൾബോ വയറോ ഇളകിയതു കൊണ്ടോ, ബൾബ് ഫ്യൂസായതു കൊണ്ടോ പ്രകാശിക്കാതെയിരിക്കാൻ സാദ്ധ്യതയുണ്ട്.

കുറിപ്പ് 2 : 250 വോൾട്ട് ടെസ്റ്റ് ലാമ്പുകൾക്ക് കട്ടിയുള്ള ഇൻസുലേഷൻ ഉണ്ടായിരിക്കണം. (സ്ക്രൂ ക്യാപ്പ് ബൾബുകൾ ഉപയോഗിക്കരുത്)

4.8 വൈദ്യുത വിതരണ തകരാറുകൾ പരിഹരിക്കുമ്പോൾ തകരാറിന്റെ യഥാർത്ഥ കാരണം കണ്ടുപിടിച്ച് വേണ്ട വിധം പരിഹരിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പു വരുത്തിയശേഷമേ വൈദ്യുതി പുനസ്ഥാപിക്കാവൂ.

**4.9 ജോലികൾ പൂർത്തിയാക്കിയതിനു ശേഷം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

4.9.1. ജോലിക്കാരും ഉപകരണങ്ങളും നിർമ്മാണ വസ്തുക്കളും പാഴ്വസ്തുക്കളും സുരക്ഷിത സ്ഥാനത്ത് മാറ്റുക.

4.9.2. പൂർത്തിയാക്കിയ ജോലി ശരിയായ രീതിയിലും പൂർണ്ണമായും ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. ആവശ്യമെങ്കിൽ മെഗർ തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധന നടത്തണം. ജോലികഴിഞ്ഞ് അവശേഷിക്കുന്ന കമ്പിത്തുണ്ടുകൾ, വയറിംഗ് കഷ്ണങ്ങൾ മുതലായവ യാതൊരു കാരണവശാലും ജോലിസ്ഥലത്ത് ഉപേക്ഷിക്കരുത്.

4.9.3. താത്ക്കാലിക എർത്തിംഗും ഷോർട്ടിംഗും നീക്കുക. അപായ ബോർഡുകൾ നീക്കുക.

4.9.4. സ്വിച്ച് / ഐസൊലേറ്റർ എന്നിവ പ്രവർത്തിപ്പിച്ച് വൈദ്യുത പ്രവാഹത്തിന് സാദ്ധ്യമാക്കുക.

4.9.5. പെർമിറ്റ് മടക്കി നൽകുക.

**കുറിപ്പ് :** പുതുതായി നിർമ്മിച്ച ലൈനുകളിൽ വൈദ്യുതി കടത്തിവിടുന്നതിനു മുമ്പ് നോട്ടീസ് പതിച്ചും, നൽകിയും ആവശ്യത്തിന് പൊതുപ്രചാരണം നൽകിയിരിക്കണം.

സെക്ഷൻ ഓഫീസർ